# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1709

05/02/2019-ൽ മറുപടിയ്ക്ക്

## നിലമ്പൂർ ഗവൺമെന്റ് കോളേജ്

**ചോദ്യം**

**മറുപടി**

ശ്രീ.പി.വി.അൻവർ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ ഗവൺമെന്റ് കോളേജിന് ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച തസ്തികകൾ ഏതൊക്കെയാണ്; വിശദമാക്കാമോ; | (എ) | നിലമ്പൂർ ഗവൺമെന്റ് കോളേജിൽ ഈ സർക്കാരിന്റെ കാലത്ത് 8 അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൊമേഴ്സ് - 1, ജ്യോഗ്രഫി - 1, ഇംഗ്ലീഷ് - 1, മലയാളം - 1, അറബിക് - 1, ഹിന്ദി - 1, സ്റ്റാറ്റിസ്റ്റിക്സ് - 1, ജേർണലിസം - 1. |
| (ബി) | നിലമ്പൂർ ഗവൺമെന്റ് കോളേജിൽ കോഴ്സുകൾ അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ ഗവൺമെന്റ് കോളേജിൽ 2017 - 18 അദ്ധ്യയന വർഷമാണ് കോഴ്സുകൾ അനുവദിച്ചത്. |
| (സി) | അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച സ്പെഷ്യൽ ഓഫീസറുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | സ്പെഷ്യൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന മങ്കട, ഗവണ്മെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ.സലാഹുദ്ദീൻ.സി.റ്റി ആണ് കോഴ്സുകൾക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) | നിലമ്പൂർ ഗവൺമെന്റ് കോളേജിന് അമരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | നിലമ്പൂർ ഗവൺമെന്റ് കോളേജിന് അമരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 5 ഏക്കർ ഭൂമി വിട്ടുനല്കാൻ സന്നദ്ധതയുള്ളവരുടെ സമ്മതപത്രം സ്പെഷ്യൽ ഓഫീസർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി കോളേജിന് അനുയോജ്യമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും കോഴിക്കോട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കും, അതോടൊപ്പം തന്നെ ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ്, സ്കെച്ച്, സർവ്വേ നമ്പർ, നിലവിലെ തരം, വില്ലേജ് ഓഫീസറുടെ മഹസ്സർ, BTR പകർപ്പ് തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ ലഭ്യമാക്കാൻ സ്പെഷ്യൽ ഓഫീസർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഇ) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത് എന്ന് വ്യക്തമാക്കാമോ; ഫയൽ നടപടി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | നിലമ്പൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പി.2/48301/2018/കോ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**